# Desabhimani
## 31 August 2018
## Kochi, UAE Aid, Petition Rejected

### യുഎഇ സഹായം: ഹർജി തള്ളി

**കൊച്ചി**

പ്രളയദുരന്ത നിവാരണത്തിന് വിദേശസഹായം സ്വീകരിക്കാൻ കേന്ദ്രസർക്കാരിന് നിർദേശം നൽകണമെന്ന ഹർജി ഹൈക്കോടതി തള്ളി. സഹായം സ്വീകരിക്കണമോയെന്നത് കേന്ദ്രസർക്കാരിന്റെ നയപരമായ കാര്യമാണെന്നും അതിൽ ഇടപെടാനാവില്ലെന്നും ചീഫ് ജസ്റ്റിസ് ഋഷികേശ് റോയ്, ജസ്റ്റിസ് എ ജയശങ്കരൻനമ്പ്യാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ആം ആദ്മി പ്രവർത്തകനായ അരുൺ ജോസാണ് കോടതിയെ സമീപിച്ചത്.